(ബി) ടി ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുവാനുള്ള നിർദ്ദേശം ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്ത് പരിശോധിക്കുന്നതാണ്.

വെമ്പല്ലൂർ, മാടവന, എടവിലങ്ങ് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ

158 [2651] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിൽ പടിഞ്ഞാറെ വെമ്പല്ലൂർ, മാടവന, എടവിലങ്ങ് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ വർഷങ്ങളായി ഐ.പി. വിഭാഗത്തിന് വേണ്ടിയുള്ള കെട്ടിടങ്ങൾ ഉപയോഗമില്ലാതെ കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഉപയോഗശൂന്യമായി കിടക്കുന്ന കെട്ടിടങ്ങൾ, ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ഇവയിൽ ഇൻപേഷ്യന്റ്സ് വിഭാഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പടിഞ്ഞാറെ വെമ്പല്ലൂർ, മാടവന, എടവിലങ്ങ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ എന്നത്തേക്ക് ഐ.പി. വിഭാഗം പ്രവർത്തനമാരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി ആന്റ് സി) മാടവന പി.എച്ച്.സി.-യിൽ ഐ.പി. വിഭാഗം പ്രവർത്തിക്കുന്നുണ്ട്. എടവിലങ്ങ് പി.എച്ച്.സി.-യിൽ എം.പി. ഫണ്ട് ഉപയോഗിച്ച് 10 കിടക്കകൾക്ക് സൗകര്യമുള്ള വാർഡ് പൂർത്തിയായിട്ടുണ്ട്. ഈ കെട്ടിടത്തിലേക്ക് വെള്ളവും വൈദ്യുതിയും ലഭിക്കുന്നതിന് സൗകര്യങ്ങൾ പൂർത്തിയായിട്ടില്ല. ഭൗതിക സൗകര്യങ്ങൾ ലഭ്യമാവുകയും അതോടൊപ്പം അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്താൽ മാത്രമേ ഐ.പി. വിഭാഗം പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. ഭൗതിക സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് അധിക തസ്തികകൾ സൃഷ്ടിച്ച് കിടത്തി ചികിൽസ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. പടിഞ്ഞാറെ വെമ്പല്ലൂർ പി.എച്ച്.സി.-യിൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് അധിക തസ്തികകൾ സൃഷ്ടിച്ച് ഐ.പി. ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ആത്മഹത്യാ നിരക്ക്

159 [2652] ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആത്മഹത്യാനിരക്ക് ദേശീയ ശരാശരിയേക്കാൾ എത്ര കൂടുതലാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly